മലയാള മനോരമ
ESTABLISHED 1888

06 January 2020

# രാജ്യാന്തര സിംപോസിയം നാളെ

കൊച്ചി ● സമുദ്ര ആവാസവ്യവസ്ഥ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന രാജ്യാന്തര സിംപോസിയം നാളെ സിഎംഎഫ്ആർഐയിൽ തുടങ്ങും. കാലാവസ്ഥാ വ്യതിയാനവും കടലിലുണ്ടാകുന്ന പാരിസ്ഥിതിക മാറ്റങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾക്കു സമ്മേളനം ഊന്നൽ നൽകും. 4 ദിവസത്തെ സിംപോസിയത്തിൽ സമുദ്ര ശാസ്ത്രജ്ഞർ, മത്സ്യ ഗവേഷകർ, കാലാവസ്ഥാ പഠന വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും.

നാളെ 3നു ഫിൻലാൻഡിലെ നാച്ചുറൽ റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും ബ്ലൂ ബയോ ഇക്കോണമി വിദഗ്ധനുമായ ഡോ. പെട്രി സ്യുറോണൻ ഉദ്ഘാടനം ചെയ്യും. സമുദ്രമത്സ്യ മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷകരുടെ കൂട്ടായ്മയായ മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (എംബിഎഐ) ആണു സിംപോസിയം സംഘടിപ്പിക്കുന്നത്. സമുദ്ര- മത്സ്യ മേഖലയിലെ മികച്ച സംഭാവനയ്ക്ക് എംബിഎഐ ഏർപെടുത്തിയ ഡോ. ജോൺസ് പുരസ്കാരം ചെന്നൈ ചെട്ടിനാട് സർവകലാശാല വൈസ്ചാൻസലർ ഡോ. ടി. ബാലസുബ്രമണ്യനു നൽകും.

സിംപോസിയത്തിന്റെ ഭാഗമായി കടൽ വിഭവങ്ങളുടെ ഭക്ഷ്യമേള നടത്തും. നീരാളി, കല്ലുമ്മക്കായ വിഭവങ്ങൾ, ചെമ്മീൻ- കൂന്തൽ- ഞണ്ട് രുചിക്കൂട്ടുകൾ, കടൽ മുരിങ്ങ തുടങ്ങി കടൽ വിഭവങ്ങളുടെ രുചിയറിയാൻ പൊതുജനങ്ങൾക്കും അവസരം. 8 മുതൽ 3 ദിവസമാണു മേള. പോഷകഗുണങ്ങളടങ്ങിയ മികച്ച കടൽ ഭക്ഷ്യമായ നീരാളിയുടെ ബിരിയാണി, പുട്ട്, റോസ്റ്റ്, മൊമോ തുടങ്ങിയ വിഭവങ്ങൾ മേളയിൽ ലഭിക്കും. കല്ലുമ്മക്കായ നിറച്ചു പൊരിച്ചത്, കൂന്തൽ റോസ്റ്റ്, ചെമ്മീൻ ബിരിയാണി തുടങ്ങിയ വിഭവങ്ങളും ആസ്വദിക്കാം. ലക്ഷദ്വീപിലെ മിനിക്കോയിൽ നിന്നുള്ള മീൻവിഭവങ്ങളും ലഭിക്കും.

ഏറെ ഔഷധമൂല്യമുള്ള കടൽ മുരിങ്ങ ജീവനോടെ കഴിക്കാനും മേളയിൽ അവസരമുണ്ട്. നല്ലയിനം ഞണ്ടിറച്ചിയും കൃഷിയിലൂടെ വിളവെടുത്ത ജീവനുള്ള മീനുകളും മേളയിൽ ലഭ്യമാകും. സമയം ഉച്ചയ്ക്ക് 12 മുതൽ രാത്രി 8 വരെ. പ്രവേശനം സൗജന്യം.